# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5217 05.07.2012 ൽ മറുപടിയ്ക്ക്

**ഡ്രൈവിംഗ് സ്കൂളുകൾ നടത്തുന്നതിനുള്ള നിബന്ധനകൾ**

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) ഡ്രൈവിംഗ് സ്കൂളുകൾ നടത്തുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാം; വ്യക്തമാക്കാമോ; | (എ) | ഡ്രൈവിംഗ് സ്കൂൾ നടത്തുന്നതിന് താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിരിക്കണം.<br>1. ഡ്രൈവിംഗ് സ്കൂളിനായി അപേക്ഷിക്കുന്ന വ്യക്തിയും, അദ്ദേഹത്തിന് കീഴിൽ ജോലി ചെയ്യുന്ന മറ്റുള്ളവരും നല്ല സ്വഭാവ സവിശേഷതകൾ ഉള്ളവരും, ഡ്രൈവിംഗിനുള്ള നിർദ്ദേശം നൽകുവാൻ യോഗ്യതയുള്ളവരുമായിരിക്കണം.<br>2. സ്കൂൾ അല്ലെങ്കിൽ സ്ഥാപനം നടത്തുവാൻ ഉദ്ദേശിക്കുന്ന സ്ഥലം അപേക്ഷകന്റെ പേരിലുള്ളതോ, അദ്ദേഹം ലീസിനെടുത്തതോ, അല്ലെങ്കിൽ അദ്ദേഹത്തിന്റെ പേരിൽ വാടകയ്ക്കെടുത്തതോ ആയിരിക്കണം. പരിശീലനത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ആവശ്യമായ പാർക്കിംഗ് ഏരിയ കൂടാതെ ലക്ചർ ക്ലാസ്സുകൾ നടത്തുന്നതിനും, മാതൃകകൾ കാണിച്ചു കൊടുക്കുന്നതിനുമുള്ള സൗകര്യവും ഡ്രൈവിംഗ് സ്കൂൾ നടത്തുന്ന സ്ഥലത്തുണ്ടായിരിക്കണം.<br>3. ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്കൂളിന് അല്ലെങ്കിൽ സ്ഥാപനത്തിന് പ്രസ്തുത സ്ഥാപനം തുടർന്നും നടത്തികൊണ്ട് പോകുന്നതിന് ആവശ്യമായ സാമ്പത്തിക ഉറവിടം ഉണ്ടായിരിക്കണം.<br>4. ഡ്രൈവിംഗ് സ്കൂളിൽ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത് ഏതൊക്കെ തരം വാഹനങ്ങൾ-ക്കാണോ, അത്തരത്തിലുള്ള ഓരോ വാഹനമെങ്കിലും അപേക്ഷകന്റെ പേരിൽ ഉണ്ടായിരിക്കുകയും അപേക്ഷകൻ പ്രസ്തുത വാഹനം അറ്റകുറ്റ പണികൾ ചെയ്ത് സൂക്ഷിക്കുകയും വേണം.<br>5. ഡ്രൈവിംഗ് സ്കൂൾ പരിശീലനത്തിനായി ഉപയോഗിക്കുന്ന വാഹനം ആയതിന് വേണ്ടി മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. മാത്രമല്ല |

മോട്ടോർ സൈക്കിൾ ഒഴിച്ചുള്ള വാഹനങ്ങളിൽ ഇൻസ്ട്രക്ടർക്ക് വാഹനം നിയന്ത്രിക്കുന്നതിനും, നിർത്തുന്നതിനുമായി ഡ്യുവൽ കൺട്രോൾ സൗകര്യം ഉണ്ടായിരിക്കണം.

6. അപേക്ഷകൻ തന്റെ സ്ഥാപനത്തിൽ താഴെ പറയുന്ന പരീക്ഷണ സാമഗ്രികളും, ഉപകരണങ്ങളും മറ്റ് അവശ്യ വസ്തുക്കളും ഏർപ്പെടുത്തിയിരിക്കണം.

(എ) ഒരു ബ്ലാക്ക് ബോർഡ്

(ബി) ആവശ്യത്തിന് അടയാളങ്ങളുടെയും, ചാർട്ടുകളുടെയും മാതൃകയോടു കൂടിയ ഒരു റോഡ് പ്ലാൻ ബോർഡ്.

(സി) ട്രാഫിക് സൈൻ ചാർട്ട്

(ഡി) ഓട്ടോമാറ്റിക് സിഗ്നലുകളുടെ ചാർട്ട്, ഓട്ടോമാറ്റിക് സിഗ്നലുകൾ ഇല്ലാത്തിടത്ത് ട്രാഫിക് നിയന്ത്രണ ഉദ്യോഗസ്ഥൻ നൽകേണ്ട സിഗ്നലുകളുടെ ചാർട്ട്.

(ഇ) ഒരു മോട്ടോർ വാഹനത്തിന്റെ വിവിധ ഭാഗങ്ങൾ വിശദമായി ചിത്രീകരിച്ചിട്ടുള്ള ഒരു സർവ്വീസ് ചാർട്ട്.

(എഫ്) എഞ്ചിൻ ഗിയർ ബോക്സ്, ബ്രേക്ക് ഷൂ, ഡ്രം എന്നിവ പ്രദർശിപ്പിച്ചിരിക്കണം. മോട്ടോർ സൈക്കിളിന് മാത്രം പരിശീലനം നൽകുന്ന സ്കൂളിൽ/ സ്ഥാപനത്തിൽ ഇവയുടെ ആവശ്യമില്ല.

(ജി) ടയർ ലിവറോടു കൂടിയ പഞ്ചർ കിറ്റ്, വീൽ ബ്രേസ്, ജാക്ക്, ടൈപ്പ് പ്രഷർ ഗേജ് എന്നിവ.

(എച്ച്) സ്പാനറുകൾ, ഫിക്സ് സ്പാനറുകൾ, ബോക്സ് സ്പാനറുകൾ, പ്ലയറുകൾ, സ്ക്രൂ ഡ്രൈവറുകൾ, സ്ക്രൂ സ്പാനറുകൾ, ഹാമർ എന്നിവയുടെ ഓരോ സെറ്റ്.

(ഐ) ഡ്രൈവിംഗ് ഇൻസ്ട്രക്ഷൻസ് മാനുവൽ

(ജെ) പരിശീലനം നേടുന്നവർക്കായി ബഞ്ചുകളും, മേശകളും കൂടാതെ വർക്ക് ബഞ്ചും ഉണ്ടായിരിക്കണം.

(കെ) ആട്ടോ മൊബൈൽ മെക്കാനിസം, ഡ്രൈവിംഗ്, റോഡ് സുരക്ഷാ, ട്രാഫിക് റെഗുലേഷൻസ്, മോട്ടോർ വാഹന നിയമങ്ങളും, അനുബന്ധ വിഷയങ്ങളും എന്നിവ സംബന്ധിച്ചുള്ള പുസ്തകങ്ങളുടെ ശേഖരം.

(എൽ) സ്കൂൾ പരിസരത്ത് ഉണ്ടാകുന്ന അടിയന്തിര സാഹചര്യങ്ങളിൽ

| | | |
|---|---|---|
| | | ഉപയോഗിക്കുവാൻ പാകത്തിന് സുസജ്ജമായ ഫസ്റ്റ് എയ്ഡ് ബോക്സ്.<br>അപേക്ഷകന് അല്ലെങ്കിൽ ഡ്രൈവിംഗ് ഇൻസ്ട്രക്ഷൻ നൽകുവാൻ നിയോഗിക്കപ്പെടുന്ന വ്യക്തിക്ക് താഴെ പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം.<br>(എ) 10-ാം ക്ലാസ് പാസ്സ് എന്ന ഏറ്റവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത.<br>(ബി) ഡ്രൈവിംഗിൽ 5 വർഷത്തിൽ കുറയാത്ത പ്രവർത്തന പരിചയം, കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ ഏതെങ്കിലുമൊന്ന് സ്ഥാപിച്ചിട്ടുള്ള സ്ഥാപനത്തിൽ നിന്നോ, സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ അംഗീകരിച്ച ഏതെങ്കിലും സ്ഥാപനത്തിൽ നിന്നോ നേടിയിട്ടുള്ള മോട്ടോർ മെക്കാനിക്സിൽ അല്ലെങ്കിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗിലുള്ള സർട്ടിഫിക്കറ്റ്.<br>(സി) 1988-ലെ മോട്ടോർ വാഹന നിയമത്തിന്റെ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന ട്രാഫിക് സൈനുകളെക്കുറിച്ചും, മോട്ടോർ വാഹന നിയമത്തിലെ 118-ാം വകുപ്പിന് അനുസൃതമായി രൂപം നൽകിയിട്ടുള്ള ചട്ടങ്ങളിലുമുള്ള പൂർണ്ണമായ പരിജ്ഞാനം.<br>(ഡി) ഒരു മോട്ടോർ വാഹനത്തിന്റെ വിവിധ ഭാഗങ്ങളുടെ പ്രവർത്തനങ്ങളും, ധർമ്മങ്ങളും വിശദീകരിച്ചു കൊടുക്കുന്നതിനും, കാണിച്ചു കൊടുക്കുന്നതിനുമുള്ള പ്രാഗത്ഭ്യം.<br>(ഇ) ഇംഗ്ലീഷിലോ, സ്കൂൾ /സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ പ്രദേശിക ഭാഷയിലോ [redacted] ആവശ്യത്തിനുള്ള പരിജ്ഞാനം.<br>മേൽപറഞ്ഞവ കൂടാതെ ഡ്രൈവിംഗ് സ്കൂൾ ഉടമ താഴെ പറയുന്ന നിബന്ധനകൾ കൂടി പാലിച്ചിരിക്കണം.<br>(എ) ഫോം 14-ലുള്ള വാർഷികാടിസ്ഥാനത്തിലുള്ള രജിസ്റ്റർ, വർഷത്തിൽ സ്കൂളിൽ പ്രവേശനം നൽകിയിട്ടുള്ള പരിശീലനാർത്ഥികളുടെ അക്ഷരമാലാ ക്രമത്തിലുള്ള പട്ടിക എന്നിവ സൂചിപ്പിച്ചിരിക്കണം.<br>(ബി) പരിശീലനാർത്ഥികൾക്ക് 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 31 –ൽ |

| | | |
|---|---|---|
| | | പറഞ്ഞിട്ടുള്ള സിലബസിന് അനുസൃതമായി പരിശീലനം നൽകിയിരിക്കണം.<br>(സി) കോഴ്സ് പൂർത്തിയാക്കിയ പരിശീലനാർത്ഥികൾക്ക് ഫോം-5 ലുള്ള സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.<br>(ഡി) കാലാകാലങ്ങളിൽ ലൈസൻസ് നൽകിയ ലൈസൻസിംഗ് അതോറിറ്റി ആവശ്യപ്പെടുന്ന രേഖകളോ, റിട്ടേണുകളോ, നൽകിയിരിക്കണം.<br>(ഇ) ലൈസൻസ് നൽകിയിട്ടുള്ള ലൈസൻസിംഗ് അതോറിറ്റി എഴുതി നൽകിയിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ സർട്ടിഫിക്കറ്റിൽ പറഞ്ഞിരിക്കുന്ന സ്ഥലത്തു നിന്നും സ്കൂൾ മാറ്റുവാൻ പാടുള്ളു.<br>(എഫ്) ലൈസൻസിംഗ് അതോറിറ്റിക്കോ, ലൈസൻസിംഗ് അതോറിറ്റി ഏർപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ യുക്തിസഹമായ സമയങ്ങളിൽ പരിശോധിക്കുന്നതിനായി സ്ഥാപനത്തിന്റെ പരിസരവും, രജിസ്റ്ററുകളും തയ്യാറാക്കി സൂക്ഷിച്ചിരിക്കണം.<br>(ജി) ഡ്രൈവിംഗ് പരിശീലനത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളിൽ വ്യക്തമായ രീതിയിൽ തടിച്ച അക്ഷരങ്ങളിൽ സ്കൂളിന്റെ അല്ലെങ്കിൽ സ്ഥാപനത്തിന്റെ പേര്, പൂർണ്ണമായ മേൽവിലാസം എന്നിവയും, ടെലിഫോൺ നമ്പറുണ്ടെങ്കിൽ ആയതും പ്രദർശിപ്പിച്ചിരിക്കണം.<br>(എച്ച്) ഓരോ വിദ്യാർത്ഥിക്കും പരിശീലനം നൽകിയിട്ടുള്ള ഡ്രൈവിംഗ് അവേഴ്സിന്റെ വിശദ വിവരങ്ങൾ ഫോം-15-ൽ സൂക്ഷിച്ചിരിക്കണം.<br>(ഐ) സ്കൂളിന്റെ ഓഫീസിൽ എല്ലാവർക്കും കാണാവുന്ന സ്ഥലത്ത് താഴെ പറയുന്ന രേഖകൾ പ്രദർശിപ്പിച്ചിരിക്കണം.<br>(1) ലൈസൻസിംഗ് അതോറിറ്റി സ്കൂൾ അല്ലെങ്കിൽ സ്ഥാപനത്തിന് നൽകിയിട്ടുള്ള ലൈസൻസിന്റെ അസ്സൽ.<br>(2) സ്കൂളിൽ നിയോഗിച്ചിട്ടുള്ള ഇൻസ്ട്രക്ടർമാരുടെ പേരും, മേൽവിലാസങ്ങളും.<br>(ജെ) സ്കൂളിൽ ഡ്രൈവിംഗ് പരിശീലനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള ഒരു വ്യക്തിയെയും നിലവിലുള്ള മോട്ടോർ വാഹന നിയമങ്ങൾക്കും, ചട്ടങ്ങൾക്കും വിരുദ്ധമായി ലൈസൻസ് |

| | | |
|---|---|---|
| | | നേടുന്നതിനായി തെറ്റായ രീതിയിൽ സഞ്ചരിക്കുന്നതിന് പ്രേരിപ്പിക്കുവാൻ പാടില്ല. |
| (ബി) സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന ഡ്രൈവിംഗ് സ്കൂളുകളെക്കുറിച്ചുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഉണ്ടെങ്കിൽ അത്തരം സ്കൂളുകളുടെ നടത്തിപ്പുകാർക്കെതിരെ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ; | (സി) | ആലപ്പുഴ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ കീഴിൽ അനധികൃത ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ ആലപ്പുഴ ആർ.ടി.ഓ-യോട് ഗതാഗത കമ്മീഷണർ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗതാഗത കമ്മീഷണർതുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം മോട്ടോർ വാഹന വകുപ്പ് കോഴിക്കോട് ജില്ലയിലെ ഡ്രൈവിംഗ് സ്കൂളുകളിൽ പരിശോധന നടത്തിയിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) ഉണ്ടെങ്കിൽ ഏതെല്ലാം ഡ്രൈവിംഗ് സ്കൂളുകളിലാണ് ന്യൂനതകൾ കണ്ടെത്തിയിട്ടുള്ളത്; (എഫ്) പ്രസ്തുത ന്യൂനതകളെന്തെല്ലാമെന്ന് ഡ്രൈവിംഗ് സ്കൂളുകളുടെ പട്ടികയുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ? | (ഇ) & (എഫ്) | ന്യൂനതകൾ കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ